TUESDAY 12/08/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/08/2025

1. I C A R – കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരിന്റെ നേതൃത്വത്തിൽ 2025 ഓഗസ്റ്റ് 12ന് വൈകീട്ട് 3 മണിക്ക് മണ്ണുത്തിയിൽ വച്ച് ഭാരത് യുവ കണക്ട് പ്രോഗ്രാം സംഘടിപ്പിക്കുന്നതാണ്. കേന്ദ്ര, സംസ്ഥാന, ഡീംഡ് സർവകലാശാലകൾ , രാജ്യത്തൊട്ടാകെയുള്ള സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 1150 സർവകലാശാലകളില് 2025 ഓഗസ്റ്റ് 12ന് (അന്താരാഷ്ട്ര യുവജനദിനം) വികസിത് ഭാരത് യുവ കണക്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്യും. ഇതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളോട് കൂടി ഈ പരിപാടിക്ക് തുടക്കം കുറിക്കും. ഭാരത സർക്കാരിന്റെ വികസിത് ഭാരത് @ 2047 ന്റെ ഭാഗമായി ഇന്ത്യയുടെ വികസന പരിവർത്തനത്തില് യുവജനങ്ങളുടെ ഇടപെടലും നേതൃത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനകാര്യ-കായിക മന്ത്രാലയം ആവിഷ്കരിച്ച പരിപാടിയാണ് വികസിത് ഭാരത് യുവ കണക്ട് പ്രോഗ്രാം. ഈ ഫ്ലാഗ്ഷിപ് പരിപാടി ഇന്ത്യയിലെ യുവജനങ്ങൾക്കും മുതിർന്ന നിയമനിർമാതാക്കൾക്കും ഇടയിൽ ഒരു ഊർജ്ജസ്വലമായ കണ്ണിയായി പ്രവർത്തിക്കുന്നതിനും ചർച്ചകൾ, നേതൃപാടവം, പൗര ബോധം, പങ്കാളിത്തം എന്നിവ ഊട്ടി ഉറപ്പിച്ച് യുവജനങ്ങൾക്കിടയിൽ കാര്യവിവരവും

ബദ്ധശ്രദ്ധരുമായ ഒരു പുതിയ തലമുറയെ സൃഷ്ടിച്ചെടുക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് .

2. കേരള കാർഷിക സർവകലാശാല 2025-26 അധ്യയന വർഷത്തേക്ക് ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് സംസ്ഥാന തലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ **കർഷക പ്രതിഭയായ** വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കും അപേക്ഷഫോമിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0487-243 8139. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 09.09.2025.**

## <u>പരിശീലന പരിപാടി</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "വിവിധ തരം ചിപ്സ് നിർമ്മാണം" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 13ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോണ് നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഓഗസ്റ്റ് 20ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 3 30 വരെയാണ് പരിശീലനം. താല്പര്യമുള്ളവർ 9446911451 എന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


നമ്പറിൽ 2025 ഓഗസ്റ്റ് 19 ന് വൈകുന്നേരം 4 മണിക്ക് മുൻപ് വാട്ട്ആപ്പ് സന്ദേശം മുഖേനയോ ഫോണിൽ കൂടെയോ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പങ്കെടുക്കുന്നവർക്ക് 2 പാക്കറ്റ് കൂൺ വിത്തും 4 PP കവറും സൗജന്യമായി നൽകുന്നു. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതായിരിക്കും.

3. ICAR വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ (KVK) വച്ച് 2025 ഓഗസ്റ്റ് 14ന് കാർഷിക യന്ത്രവൽക്കരണ പരിശീലന പരിപാടി, തൊഴിലധിഷ്ഠിത പരിശീലനം, Power Tiller & Brush cutter എന്നിവയുടെ പ്രവർത്തനപരിചയം, പ്രായോഗിക പരിശീലനവും ദൈനംദിന കാർഷിക ഉപയോഗത്തിലെ അറിവുകളും തൊഴിൽ സാധ്യതകൾ ഉയർത്തുന്ന പരിശീലനം എന്നിവ സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 7510796210 എന്ന നമ്പറിൽ WhatsApp മുഖേന മാത്രം രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന സമയം രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ. പരിശീലന ഫീസ് 200 രൂപ .

4. പരമ്പരാഗത റബ്ബർകൃഷി മേഖലകളിൽ 2025 – ൽ ആവർത്തനകൃഷിയോ പുതുകൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. കേന്ദ്ര ഗവണ്മെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ 2025 ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ് സൈറ്റിലെ ഇ സർവീസസ് മെനു വഴി ലോഗിൻ ചെയ്യണം. അപേക്ഷയോടൊപ്പം ആധാർകാർഡ്, സ്ഥലത്തിന്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, റബ്ബർബോർഡ് അംഗീകൃത നഴ്സറിയിൽ നിന്നും തൈ വാങ്ങിയതിന്റെ ബില്ല് തുടങ്ങിയവ അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി 40,000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"വീട്ടുവളപ്പിലെ പച്ചക്കറി കൃഷി"** എന്ന വിഷയത്തില് 2025 ആഗസ്റ്റ് 13ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കാർഷിക മൃഗസംരക്ഷണ നിർദേശം**

1. പച്ചക്കറികളുടെ പരിചരണം – പച്ചക്കറിത്തൈകൾ നടുമ്പോൾ തൈചീയൽ/ കടചീയൽ രോഗം വരാൻ സാധ്യതയുണ്ട്. ഇതിനായി നീർവാർച്ചാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൗകര്യമുള്ള കൃഷിയിടങ്ങൾ ഒരുക്കുക. മണ്ണുപരിശോധന അടിസ്ഥാനത്തിൽ കുമ്മായം ചേർത്തുകൊടുക്കുക. ട്രൈക്കോഡെർമ കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ വിത്ത് പുരട്ടി 12 മണിക്കൂർ വച്ച ശേഷം നടുക. അല്ലെങ്കിൽ വിത്ത് പാകുന്നതിനു മുൻപ് വേപ്പിൻ പിണ്ണാക്കിലോ ചാണകത്തിലോ വളർത്തിയെടുത്ത ട്രൈക്കോഡെർമ മണ്ണിൽ ചേർത്ത് കൊടുക്കുക. തൈ മുളച്ചതിനു ശേഷം 1% ബോർഡോ മിശ്രിതം തൈയുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

2. മൃഗസംരക്ഷണം- കോഴിക്കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങിനിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന് കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം